## സബ്മിഷൻ

### അലിന്റ് സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കഴിഞ്ഞ 26 വർഷമായി പൂട്ടിക്കിടക്കുന്ന കേരളത്തിലെ ആദ്യ വ്യവസായ സംരംഭങ്ങളിലൊന്നായ അലിന്റ്, സൊമാനിയ ഗ്രൂപ്പിന് വിട്ടുകൊടുക്കുന്നതിന് സർക്കാർ ഒത്താശ ചെയ്യുന്നതായി പരാതി ഉയർന്നിരിക്കുന്നു. ബി.ഐ.എഫ്.ആർ.-ൽ നിന്നും ഈ കമ്പനിയുടെ പ്രൊമോട്ടർമാരായ സൊമാനിയ ഗ്രൂപ്പ് സർക്കാരിന്റെ സഹായത്തോടുകൂടി സമ്പാദിച്ച വിധിയുടെ പിൻബലത്തിലാണ് 4000 കോടി രൂപയുടെ മതിപ്പുവിലയുള്ള കമ്പനിയുടെ മൂന്ന് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 185 ഏക്കർ സ്ഥലം തീറെഴുതിക്കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ബി.ഐ.എഫ്.ആർ.-ന്റെ വിധിക്കെതിരെ ഫലപ്രദമായി അപ്പീൽ നൽകുന്നതിന് സർക്കാർ മടിച്ചു നിൽക്കുകയാണ്. സൊമാനിയ കമ്പനിയാകട്ടെ കുണ്ടറയിലെ ഫാക്ടറിയിൽ അനധികൃതമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. എന്നുമാത്രമല്ല, കമ്പനിയുടെ ഷെയർ വാല്യു പത്ത് രൂപയിൽ നിന്ന് ഒരു രൂപയായി കുറയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പത്ത് രൂപ വില മതിപ്പുള്ള 45,200 ഷെയർ സർക്കാരിന്റേതായിട്ടുണ്ട്. ഒരു രൂപയായി കുറയ്ക്കുമ്പോൾ 45,000 രൂപയാണ് സർക്കാരിന് കിട്ടുന്നത്. അതേസമയം അയ്യായിരത്തിൽപ്പരം കോടി രൂപയാണ് സർക്കാരിന് നഷ്ടപ്പെടുന്നത്. എന്നിട്ടും സർക്കാർ ഇതിനെതിരായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ലായെന്ന് മാത്രമല്ല സൊമാനിയ ഗ്രൂപ്പിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അലിന്റിലെ തൊഴിലാളികൾക്ക്

നാമമാത്രമായ അവകാശങ്ങൾ നൽകി അവരെ കബളിപ്പിക്കുന്ന നടപടിയാണ് സൊമാനിയ ഗ്രൂപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. സമാനമായ രീതിയിലാണ് ഈ കമ്പനി ആലപ്പുഴ എക്സൽ ഗ്ലാസ് ഫാക്ടറിയിലും തൊഴിലാളികളെ കബളിപ്പിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന് വൻനഷ്ടമുണ്ടാക്കുന്ന ഈ നടപടിയിൽ നിന്നും സർക്കാർ പിൻമാറണമെന്നും അലിന്റിൽ സൊമാനിയ ഗ്രൂപ്പ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഉടൻ നിർത്തിവയ്പ്പിക്കണമെന്നും ഈ കമ്പനി എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏറ്റെടുത്തതുപോലെ ഏറ്റെടുക്കണമെന്നും ഞാൻ ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കുണ്ടറ അലിന്റ് ഗവൺമെന്റ് ഏറ്റെടുക്കുന്ന കാര്യം നമുക്ക് ആലോചിക്കാം. ഇവിടെ മൂന്ന് കമ്പനികൾ കഴിഞ്ഞ ഗവൺമെന്റ് ഏറ്റെടുത്തു. അതിൽ ഒരെണ്ണമാണ് ഈ നിയമസഭ ബിൽ പാസ്സാക്കിയ കോമൺ വെൽത്ത് ട്രസ്റ്റ്. അതിപ്പോൾ ഗവൺമെന്റ് ഏറ്റെടുത്തതിനു ശേഷമുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പെരുമ്പാവൂരിലുള്ളത്, കടം തീർത്ത് ബാക്കിയുള്ള സ്ഥലം കിൻഫ്ര ഏറ്റെടുക്കാമെന്നുള്ള നിലയിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അലിന്റിന്റെ കാര്യത്തിൽ ഒരുപാട് ട്രേഡ് യൂണിയൻ മീറ്റിംഗുകൾ നടന്നു. നിലവിലുള്ള പ്രൊമോട്ടർതന്നെ നടത്താമെന്ന് ആൾ പാർട്ടി ട്രേഡ് യൂണിയൻ മീറ്റിംഗിൽ തീരുമാനിച്ചു. അവസാനം സൊമാനിയ ഗ്രൂപ്പ് പറയുന്ന കാര്യങ്ങൾ ശരിയല്ല എന്ന ഗവൺമെന്റിന്റെ സ്റ്റാൻഡിനെതിരായി ബി.ഐ.എഫ്.ആർ. നാമമാത്ര ഭേദഗതിയോടെ അവരുടെ പ്രൊപ്പോസൽ അംഗീകരിച്ചു. അതിനെതിരെ എ.

ഐ.എഫ്.ആർ.–ൽ അപ്പീൽ പോയിരിക്കുകയാണ്. ഇലക്ഷൻ കാലമായതു കൊണ്ട് ആദ്യം അപ്പീൽ പോയത് ട്രേഡ് യൂണിയൻസാണ്. ട്രേഡ് യൂണിയൻസിന്റെ അപ്പീലിൽ ഗവൺമെന്റ് കക്ഷി ചേർന്നു. ഇപ്പോൾ ട്രേഡ് യൂണിയൻസും ഗവൺമെന്റുമൊക്കെ വാദിച്ചുകൊണ്ടിരിക്കുന്നത് ഒരേപോലെ യാണ്. ആ കേസ് വളരെ ശക്തമായി നമ്മൾ നടത്തും. എ.ഐ.എഫ്. ആർ.–ന്റെ വിധി എന്താണെന്ന് കാത്തിരിക്കുകയാണ്. അതിനുശേഷം ട്രേഡ് യൂണിയൻസിന്റെ മീറ്റിംഗ് വിളിച്ച് എന്ത് വേണമെന്ന് തീരുമാനിക്കാം. അല്ലാത്തൊരു നിലപാടും ഗവൺമെന്റിനില്ല. പല അവസരം കൊടുത്തിട്ടും ഈ കാര്യങ്ങൾ സൊമാനിയ ഗ്രൂപ്പ് ശരിയായി നടത്തുന്നില്ല എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഈ കാര്യം വളരെ ശക്തമായി നേരിട്ടും അല്ലാതെയും വാണിംഗുമൊക്കെയായി...... ഇതിനകത്ത് ഒരുപാട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ എ.ഐ.എഫ്.ആർ.–ന്റെ വിധിയെന്താണെന്ന് നമുക്ക് നോക്കാം. അതിനനുസരിച്ച് മൊത്തമായി തീരുമാനിക്കാം. ഏറ്റെടുക്കുന്നതിന് ഒരുപാട് പ്രശ്നങ്ങളുണ്ട്. സാമ്പത്തികമായ വലിയ ഒരു സംഖ്യ വരും. അത് ആ ഘട്ടത്തിൽ നമുക്ക് ആലോചിക്കാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, സൊമാനിയ ഗ്രൂപ്പുതന്നെ സർക്കാരിന്റെ അധീനതയിലുള്ള ആലപ്പുഴ എക്സൽ ഗ്ലാസ്സ് ഫാക്ടറിയിൽ നിന്ന് മന:പൂർവ്വം പണം പൂഴ്ത്തിക്കൊണ്ടുപോയി നഷ്ടത്തിലാക്കി പൂട്ടിയതാണ്. നമ്മൾ 16 കോടി രൂപ വായ്പയായി അവർക്ക് കൊടുത്തതാണ്. അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് നമുക്ക് പരിശോധിക്കാം. അദ്ദേഹം പറഞ്ഞ രീതിയിൽ ഒരുപാട് ഗവൺമെന്റ് ആനുകൂല്യം പറ്റിയെന്നും, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു വിശ്വാസത്തിന്റെ പുറത്ത് വായ്പ

കൊടുത്തു, ആനുകൂല്യങ്ങളുമൊക്കെ കൊടുത്തു. പക്ഷെ, ഒന്നും ചെയ്തിട്ടില്ലായെന്നുള്ള അഭിപ്രായമുണ്ട്. വളരെ ശക്തമായ രീതിയിൽ അത് പരിശോധിക്കാം.

## എയിംസ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. റ്റി. എ. റഹീം: സർ, ആൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ ആരംഭിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. മലബാർ ചികിത്സാ രംഗത്ത് വളരെ പിന്നണിയിലാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഇത് കോഴിക്കോട് മാവൂരിൽ സ്ഥാപിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാവൂരിൽ ഗ്വാളിയാർ റയോൺസിന്റെ ഫാക്ടറി പൂട്ടിയശേഷം അവിടെ മറ്റ് വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സർക്കാരിന്റെ ശ്രമം ഗ്വാളിയാർ റയോൺസ് മാനേജ്മെന്റ് തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുയാണ്. ഈ സ്വത്ത് ഗവൺമെന്റ് ഏറ്റെടുത്തുവെങ്കിലും അതിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം എനിക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ സ്റ്റേ നീക്കിക്കിട്ടാൻവേണ്ടി അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളുടെ അതിർത്തിയിൽ, ചാലിയാർ ഓരത്ത് നിൽക്കുന്ന മാവൂർ, എയിംസ് സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണ്. ഈ സാഹചര്യത്തിൽ കോഴിക്കോട് കോംട്രസ്റ്റ് ഏറ്റെടുത്ത മാതൃകയിൽ ഈ ഗ്വാളിയാർ റയോൺസിന്റെ സ്ഥലം സർക്കാർ ഏറ്റെടുത്ത് എയിംസ് ഇവിടെ സ്ഥാപിക്കണമെന്നാണ് എനിക്ക്

ആവശ്യപ്പെടാനുള്ളത്. ഈ കാര്യത്തിൽ എല്ലാ എം.എൽ.എ.-മാരും ചേർന്നു കൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട് എന്നുകൂടി ഇവിടെ അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ആൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുക എന്ന നയമാണ് കേന്ദ്ര സർക്കാർ തത്ത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി റോഡുകൾ, ജലലഭ്യത, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങളുള്ളതും, 200 ഏക്കർവീതം സ്ഥലസൗകര്യമുള്ള മൂന്നോ നാലോ പ്രദേശങ്ങൾ സംസ്ഥാന സർക്കാർ നിർദ്ദേശിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധികൾ സ്ഥലം സന്ദർശിച്ച് ഏത് വേണമെന്ന് തീരുമാനിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. കോഴിക്കോട് നിന്നുള്ള ഗ്വാളിയാർ റയോൺസിന്റെ നിർദ്ദേശവും വ്യവസായ വകുപ്പിന്റെ തന്നെ കിണാലൂർ എസ്റ്റേറ്റിന്റെ നിർദ്ദേശവും വന്നിട്ടുണ്ട്. ഈ രണ്ട് കാര്യത്തിലും വ്യവസായ വകുപ്പാണ് തീരുമാനം എടുക്കേണ്ടത്. ഏതായാലും എല്ലാ നിർദ്ദേശങ്ങളും പരിഗണിക്കുമ്പോൾ ഇതും ആ പരിഗണനാ ലിസ്റ്റിൽ ഉണ്ടായിരിക്കും. സ്ഥലം സംബന്ധിച്ച കാര്യം വ്യവസായ വകുപ്പാണ് തീരുമാനിക്കേണ്ടത്.

## കക്ക വ്യവസായ രംഗത്തെ പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിൽ കാൽ ലക്ഷത്തോളം വരുന്ന കക്ക വ്യവസായ തൊഴിലാളികളുടെ കാര്യമാണ്

ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒന്നുകിൽ കറുത്ത കക്കയിൽ നിന്ന് അതിന്റെ ഇറച്ചി മാറ്റിയശേഷം എടുക്കാം, അല്ലെങ്കിൽ വെള്ള കക്ക ഖനനം ചെയ്തെടുക്കാം. ഇത് മുഖ്യമായും സിമെന്റ് പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, അല്ലെങ്കിൽ കൃഷിക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇപ്പോൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന ചുണ്ണാമ്പുകല്ല് രാജസ്ഥാനിൽ നിന്നുമെല്ലാം വരുന്നുണ്ട്. അവയാണ് ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ കൂടുതലും ഉപയോഗിക്കുന്നത്. കൃഷിയിലെ ആവശ്യം കുറഞ്ഞു വരികയും ചെയ്യുന്നു. ഈ സൊസൈറ്റികളിൽ ഏതാണ്ട് 10 കോടി രൂപയുടെ കക്ക കെട്ടിക്കിടക്കാൻ തുങ്ങിയിട്ട് 2 വർഷമായി. ഒരു വർഷം സർക്കാരിന് 2 കോടി രൂപ നികുതി, റോയൽറ്റിയായി കിട്ടുന്നുണ്ട്. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന ചുണ്ണാമ്പുകല്ലിന് നികുതി ഇല്ല. മറ്റ് സംസ്ഥാനത്തുനിന്ന് കൊണ്ടു വരികയാണെങ്കിൽ 2 ശതമാനം നികുതിയേ ഉള്ളു. സർക്കാർ ഈ നികുതി ഒരു സബ്സിഡിയായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിക്കഴിഞ്ഞാൽ അൽപ്പം നഷ്ടം സഹിച്ചാണെങ്കിലും, ഇപ്പോൾ ഓണമൊക്കെ വരികയല്ലേ, കുറച്ചു കക്ക എല്ലായിടത്തുനിന്നും എടുക്കാം. ഈ 10 കോടി കെട്ടിക്കിടക്കു ന്നതിൽ നിന്ന് ഒരു 5 കോടിയെങ്കിലും എടുത്തു കഴിഞ്ഞാൽ ഈ ഓണക്കാലത്ത് സൊസൈറ്റിയിലെ തൊഴിലാളികൾക്ക് വലിയൊരു സഹായമായിരിക്കും. അങ്ങനെയൊരു നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കക്ക വാരുന്ന സൊസൈറ്റികൾ ഇത്രയധികം ആളുകളെ ഹെൽപ്പ് ചെയ്യുമെങ്കിൽ തീർച്ചയായും ഗവൺമെന്റ് അത് പരിഗണിക്കാം. കാരണം ഇത് വർക്ക് ഔട്ട് ചെയ്തിട്ട് അതുസംബന്ധിച്ച് ഒരു പ്രൊപ്പോസലുണ്ടാക്കി ധനകാര്യ വകുപ്പിന് കൊടുത്ത്, പണം ആവശ്യപ്പെട്ട് ഇത് ചെയ്യാൻ പറ്റുമോ എന്ന് തീർച്ചയായും ഗവൺമെന്റ് ശ്രമിക്കാം.

## വനിതാ ഹെൽപ്പ് സെൽ

ശ്രീ. ആർ. സെൽവരാജ്: സർ, അങ്ങ് ആഭ്യന്തര വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനു ശേഷം നെയ്യാറ്റിൻകരയിൽ ഒരു പോസീസ് ഓഫീസ് കോംപ്ലക്സിന്റെ പണി ആരംഭിക്കുകയും നെയ്യാറ്റിൻകര സബ്ഡിവിഷൻ കേന്ദ്രീകരിച്ച് ഒരു വനിതാ പോലീസ് സെൽ ആരംഭിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. അങ്ങയെ ഞാൻ അങ്ങേയറ്റം ബഹുമാനിക്കുകയാണ്. നെയ്യാറ്റിൻകരയിൽ പോലീസ് സബ്ഡിവിഷൻ കേന്ദ്രീകരിച്ച് വനിതകൾക്കായുള്ള കൗൺസിലിംഗ് സെന്റർ, ഷോർട്ട് ഹോം സ്റ്റേ എന്നിവ ഉൾപ്പെടുന്ന ഒരു ഹെൽപ്പ് സെൽ ആരംഭിക്കുന്നതിനും അതിനാവശ്യമായ തസ്തകകൾ പുനർവിന്യാസം വഴി സൃഷ്ടിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിന്റെ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാന ത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ 18022014-ലെ എസ്.(3) 19403/2014 നമ്പർ കത്ത് പ്രകാരം ഇത് ഉത്തരവാകുകയും അതിനാവശ്യമായ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2014 മാർച്ച് 4-ാം തീയതി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇത് ഉദ്ഘാടനം ചെയ്യുകയും ചെയ്യുകയുണ്ടായി.

നെയ്യാറ്റിൻകര സബ്ഡിവിഷനിൽ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്ന ങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പരാതികളും കേസുകളും കൈകാര്യം ചെയ്തു വരുന്നുണ്ടെന്നും പ്രസ്തുത ഹെൽപ്പ് ഡെസ്കുകളുടെ പ്രവർത്തനം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് അതുല്യമായ സേവനം കാഴ്ചവയ്ക്കുന്നുണ്ടെന്നും സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ പ്രസ്താവ്യമാണ്. നിരാലംബരും മാനസിക വിഷമതകളോടുകൂടിയ കുട്ടി കളോ സ്ത്രീകളോ ആരെങ്കിലും സ്റ്റേഷനിൽ എത്തുകയാണെങ്കിൽ അവരെ തൽസമയം പാർപ്പിക്കുന്നതിന് സൗകര്യമില്ലെന്നും ആയതിനാൽ നെയ്യാ റ്റിൻകര സബ്ഡിവിഷൻ കേന്ദ്രീകരിച്ച് സ്ഥിരമായി വനിതകൾക്കായി ഒരു കൗൺസിലിംഗ് സെന്റർ, ഷോർട്ട് ഹോംസ്റ്റേ എന്നിവ ഉൾപ്പെടുന്ന ഒരു വനിതാ സെൽ ആരംഭിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വനിതാ സബ് ഇൻസ്പെക്ടർ–2, വനിതാ സിവിൽ സീനിയർ പോലീസ് ഓഫീസർ–4, വനിതാ സിവിൽ പോലീസ് ഓഫീസർ–20, ഡ്രൈവർ സിവിൽ പോലീസ് ഓഫീസർ–1 എന്നീ തസ്തികകളോടു കൂടിയ പ്രസ്തുത ഹെൽപ്പ്സെൽ അനുവദിച്ചത്. എന്നാൽ ഇന്ന് അവിടെ ഒരു വനിതാ സബ് ഇൻസ്പെക്ടർ, ഹെഡ് കോൺസ്റ്റബിൾ–1, ഡബ്ല്യൂ.പി.സി.–3 ഇത്രയും ജീവനക്കാർ മാത്രമാണ് ഉള്ളത്. അതുപോലെതന്നെ 10 കൊല്ലം പഴക്കം വരുന്ന ഒരു ടൂ വീലർ 28–ാം തീയതി അനുവദിക്കുകയുണ്ടായി. ഈ ഓഫീസിൽ ഒരു മേശ അവിടത്തെ പോലീസ് സബ് ഡിവിഷൻ ഓഫീസർ 29–ാം തീയതി കൊണ്ടിടുകയുണ്ടാ യി. ഈ പോലീസ് വനിതാസെൽ അവിടെ പ്രവർത്തനം നടത്തുന്നതിനും

അതിനാവശ്യമായ സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനും അവിടത്തെ സബ് ഡിവിഷണൽ ഓഫീസർ തയ്യാറല്ല. ഇത് ഇവിടെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുമില്ല. അവിടെയുള്ള 3 പോലീസ് വനിതാ പി.സി.-മാരെ മറ്റ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. എന്തായാലും അനുവദിച്ചിട്ടുള്ള ഈ വനിതാ ഹെൽപ്പ്സെൽ അടിയന്തരമായി മുഴുവൻ തസ്തികകളോടു കൂടിയ സെന്ററായി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധചെലുത്തി അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി നെയ്യാറ്റിൻകരയിൽ 31032014-ൽ സർക്കാർ ഉത്തരവ് 68/2014 ആഭ്യന്തരം പ്രകാരം ഒരു വനിതാ ഹെൽപ്പ്സെൽ ആരംഭിക്കുകയുണ്ടായി. ഞാൻ തന്നെയാണ് അത് ഉദ്ഘാടനം ചെയ്തത്. അതിലിപ്പോൾ ഒരു വനിതാ എസ്.ഐ., വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർ, 3 വനിതാ സിവിൽ പോലീസ് ഓഫീസർ എന്നിവരാണ് നിലവിലുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ആർ. സെൽവരാജ് പറഞ്ഞത് ശരിയാണ്, കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതാണ്. പക്ഷേ ഗവൺമെന്റ് സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കാരണമാണ് അനുവദിക്കാത്തത്. പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പെന്റിംഗിലായതുകൊണ്ടാണ് അത് അനുവദിക്കാൻ കഴിയാതെ വന്നത്. ഇപ്പോഴും സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ....

അദ്ദേഹം പറഞ്ഞത് ശരിയാണ്. ഒരു സെക്കന്റ്ഹാന്റ് സ്കൂട്ടർ കൊടുത്തിട്ടുണ്ട്. വനിതാസെല്ലിന് മാത്രമായി പുതിയൊരു ജീപ്പ് ഉടൻതന്നെ അനുവദിക്കാൻ ഞാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ഉടൻതന്നെ അനുവദിക്കുന്നതാണ്. മാത്രമല്ല ഇതിനെ കാര്യക്ഷമമാക്കാൻ വേണ്ടി 27 തസ്തികകളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പക്ഷേ സാമ്പത്തികമായ പ്രയാസം കാരണമാണ് ഇത് അനുവദിക്കാതിരിക്കുന്നത്. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ വർഷങ്ങളായി അദ്ദേഹത്തിന്റെ വലിയൊരു ഡിമാന്റ് ആയിരുന്നു. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ സമുച്ചയം 3 നിലകളിലായി 8835 ചതുരശ്ര അടി വിസ്തൃതിയിൽ 136 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കാൻ രൂപകൽപ്പന ചെയ്തിട്ടുണ്ട്. പ്രത്യേക നിർദ്ദേശം ഞാൻ കൊടുത്തതിനു ശേഷം കെട്ടിടത്തിന്റെ പണി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ 15-02-2014-ൽ ആരംഭിച്ചു. പണി വളരെ വേഗത്തിൽ പുരോഗമിച്ചു വരികയാണ്. പോലീസ് സ്റ്റേഷൻ കെട്ടിടം പണി പൂർത്തിയാക്കുന്നതോടുകൂടി കൂടുതൽ സൗകര്യത്തോടുകൂടി വനിതാ ഹെൽപ്പ്ലൈനിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകാൻ കഴിയും. അവിടെ നമുക്ക് കൗൺസിലിംഗ് സെന്റർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ആരംഭിക്കാൻ കഴിയും. പക്ഷേ ഇപ്പോൾ പരിമിതമായ സൗകര്യമാണെങ്കിൽ പോലും വനിതാ സെല്ലിന്റെ പ്രവർത്തനം ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച പോലെ ഫലപ്രദമായി നെയ്യാറ്റിൻകരയിൽ നടന്നു വരുന്നുണ്ട്. മറ്റു പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## കോൺഗ്രസ് പ്രസിഡന്റിനെ മർദ്ദിച്ച സംഭവം

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ നിയോജക മണ്ഡലമായ അങ്കമാലിയിൽ പാറക്കടവ് മണ്ഡലം കോൺഗ്രസ് പ്രസിഡന്റിനെ വേറൊരു കോൺഗ്രസ് പ്രവർത്തകൻ തല്ലിയതിനെക്കുറിച്ച് മുൻ കെ.പി.സി.സി. പ്രസിഡന്റ് കൂടിയായ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് 12-06-2014-ൽ പാറക്കടവ് വില്ലേജിലെ എളവൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ യോഗം നടക്കുന്നിനിടയിൽ മണ്ഡലം പ്രസിഡന്റ് കൂടിയായ ശ്രീ. എം.പി. നാരായണനെ മറ്റൊരു മെമ്പർ കൂടിയായ സന്തോഷ് കുമാർ മർദ്ദിച്ചു. കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി അയാളെ താക്കോൽകൂട്ടം കൊണ്ടെറിഞ്ഞ് പരിക്കേൽപ്പിക്കുകുയും ചെയ്തു. ഇത് സംബന്ധമായി അയാളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകുയും ആശുപത്രിയിൽ നിന്ന് അയാളുടെ മൊഴി എടുക്കുകയും ചെയ്തു. മൊഴിയെടുത്തതിനുശേഷം പിറ്റേ ദിവസം ഇതേ പ്രതിതന്നെ അയാളുടെ വീട്ടിൽ ചെന്ന് ഭീഷണിപ്പെടുത്തി. ഇതു സംബന്ധമായി പ്രതി ശ്രീ. സന്തോഷ് കുമാറിനെതിരായി ഇതുപോലെ വേറെ 6 കേസുകൾ അങ്കമാലി പോലീസ് സ്റ്റേഷനിലുണ്ട്. ഇദ്ദേഹം രണ്ടു കേസുകളിൽ തൊട്ടടുത്തുള്ള ചെങ്ങമനാട് പോലീസ് സ്റ്റേഷനിലും പ്രതിയാണ്. അതിനുപുറമേ ഇയാൾ ആർ.ഡി.ഒ. കോർട്ടിലെ 107-നും പ്രതിയാണ്. അവിടെ അഴിഞ്ഞാടുന്നതിനു പുറമേ ഇയാൾ ലോക്കൽ പോലീസിന്റെ ഒരു ഏജന്റ് കൂടിയാണ്. ഇവിടെ ഇന്ന് സബ്മിഷൻ കൊടുക്കുന്നു എന്നറിഞ്ഞ് ലോക്കൽ പോലീസ് അയാളെ വളരെ സൗഹൃദമായി വിളിച്ചു വരുത്തി അയാൾക്ക് ജാമ്യം കൊടുത്തിട്ടുണ്ട്.

അപ്പോൾ അത്രയും സോഫ്റ്റായിട്ടുള്ള ഒരു ഡീലിംഗ് നടത്തിയിട്ടുണ്ട്. നാട്ടിൽ ആളുകൾക്ക് നടക്കാൻ നിവൃത്തിയില്ല. ഇയാളിപ്പോഴും ഭീഷണി തുടരുകയാണ്. 8 കേസിൽ പ്രതിയായിട്ടുള്ള ഒരാളെ ഒന്നും ചെയ്യാതെ ഒരു കുഴപ്പവുമില്ലാതെ നടക്കുകയും ചെയ്യുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വളരെ ഗൗരവമായി കാണണം. ഇത് കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റാണ്. ആ ഗൗരവം കൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധയിലെടുത്ത് ഇതിനെക്കുറിച്ച് സമഗ്രമായ, ഗുരുതരമായ രീതിയിലുള്ള ഒരു ആക്രമണം എന്ന നിലയിൽ കണ്ട് യുക്തമായൊരു നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു പഴയ കോൺഗ്രസ്സുകാരനെന്ന നിലയിൽ അദ്ദേഹം ഈ മണ്ഡലം പ്രസിഡന്റിന്റെ കാര്യത്തിലെടുക്കുന്ന താൽപര്യം നല്ലതാണ്. അങ്കമാലി പോലീസ് സ്റ്റേഷൻ പരിധിയിൽ എളയാവൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡ് 12–06–2014 ഉച്ചയ്ക്കുശേഷം ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്നു വരവെ വൈകിട്ട് 4.30 ഡയറക്ടർ ബോർഡ് മെമ്പറായ എം. പി. നാരായണനെ മറ്റൊരു ഡയറക്ടർ ബോർഡ് മെമ്പറായ സന്തോഷ് കുമാർ പേപ്പർ വെയിറ്റ് കൊണ്ട് എറിയാൻ ശ്രമിക്കുകയും കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും താക്കോൽക്കൂട്ടം മുഖത്തേയ്ക്ക് വലിച്ചെറിഞ്ഞ് പരിക്കേൽപ്പിക്കുകയും ചെയ്തു. നെറ്റിയിൽ ചതവ് പറ്റിയ നാരായണൻ അങ്കമാലി ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ തേടി. ബോർഡ് യോഗത്തിനിടെ സഹകരണ

ബാങ്കിന്റെ മേൽനോട്ടത്തിൽ തുടങ്ങിയ മാവേലി സ്റ്റോറിന്റെ ഉദ്ഘാടനത്തോട നുബന്ധിച്ച ചർച്ചയ്ക്കിടെ നാരായണൻ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ സന്തോഷ് കുമാർ പ്രകോപിതനായതാണ് കാരണം. ഈ സംഗതിക്ക് നാരായണന്റെ മൊഴിപ്രകാരം സന്തോഷ് കുമാറിനെ പ്രതിയാക്കി അങ്കമാലി പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 324, 506(ശശ) വകുപ്പുകൾ പ്രകാരം ക്രൈം 1632/14 ആയി കേസ് രജിസ്റ്റർ ചെയ്തു. സംഭവത്തിന് സാക്ഷികളായ 4 ഡയറ ക്ടർ ബോർഡ് അംഗങ്ങളേയും സഹകരണ സംഘം സെക്രട്ടറി ഇൻചാർജ്ജി നേയും കണ്ട് ചോദിച്ച് അന്വേഷണം നടത്തുകയും പ്രതിയായ സന്തോഷ് കുമാറിനെ 20–06–2014–ൽ അറസ്റ്റ് ചെയ്ത് മതിയായ ജാമ്യത്തിൽ വിട്ടയ യ്ക്കുകയും ചെയ്തിട്ടുണ്ട്. നാരായണന്റെ വീട്ടിൽ ഗുണ്ടാസംഘങ്ങൾ ഭീഷ ണിപ്പെടുത്തിയതായി പരാതിയൊന്നും ലഭിച്ചിട്ടില്ല. കൂടുതൽ അന്വേഷണം വേണമെങ്കിൽ എറണാകുളം റെയ്ഞ്ച് ഐ.ജി.–യെ ഏൽപ്പിക്കാവുന്നതുമാണ്. ഇപ്പോൾ ഇതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

## ക്ഷേമനിധി വിഹിതം തൊഴിൽ വകുപ്പ് ഈടാക്കുന്നത് സംബന്ധിച്ച്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം എന്നതാണ് ഇവിടെ ഞാൻ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക്, വൻകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെപ്പോലെ പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതു കൊണ്ടുതന്നെ പ്ലാന്റേഷൻ ലേബർ ആക്ടിൽ വരുന്ന ഒരുവിധ

ആനുകൂല്യങ്ങളും ചെറുകിട തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അതു കൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, 2010 അവസാനം, ചെറുകിട തോട്ടം തൊഴിലാളികൾക്ക് വേണ്ടി ഒരു ക്ഷേമനിധി രൂപീകരിച്ചത്. ഇപ്പോൾ നാലു വർഷം കഴിഞ്ഞു. നാലുവർഷത്തിനു ശേഷവും ഇവിടെ ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡ് ഇതുവരെ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള ബോർഡിന്റെ ചെയർമാൻ എന്ന നിലയിൽ പ്രവർത്തിക്കുന്നത് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ ആണ്. ഉദ്യോഗസ്ഥൻമാർ ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നതിനോ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനോ ഒരു വിധത്തിലുള്ള മുൻകൈയ്യും എടുക്കുന്നില്ല. ചെറുകിടതോട്ടം ഉടമകളിൽ നിന്നും വിഹിതം തീരെ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. തോട്ടം തൊഴിലാളികളുടെ വിഹിതവും പിരിച്ചെടുക്കുന്നില്ല. തിരുവനന്തപുരം, കാസർഗോഡ് തുടങ്ങിയ ജില്ലകളിലെല്ലാം ചെറുകിട തോട്ടം തൊഴിലാളികളുടെ വിഹിതം യൂണിയൻ നേതാക്കൻമാർ മുൻകൈയെടുത്ത് പിരിച്ചിട്ട് അത് സ്വീകരിക്കുവാനും ക്ഷേമനിധി ബോർഡ് തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ ക്ഷേമനിധിയുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന്, കൂടുതൽ കാര്യക്ഷമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിൽ അതിനെ പുന:സംഘടിപ്പിക്കുകയും, ക്ഷേമനിധി വിഹിതം സ്വീകരിക്കുകയും നന്നായി മുന്നോട്ടു പോകാനും ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുവാനും ഗവൺമെന്റ് മുൻകൈയെടുക്കണം എന്ന് ഞാൻ ആവശ്യപ്പെടുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഈ ബോർഡന് സാധിച്ചിട്ടില്ല. പല പരിമിതികളും ഉണ്ട്. ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ട്, വ്യവസ്ഥാപിതമായ ഒരു സമിതി നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ പ്രശ്നം വളരെ അസംഘടിതമായിട്ടുള്ള ഒരു വിഭാഗമാണ്, ചെറുകിട തോട്ടം തൊഴിലാളികൾ അഞ്ച് ഹെക്ടറിൽ താഴെയുള്ള ഉടമകളാണ്. ഒരു വീട്ടുമുറ്റത്തുള്ള മുപ്പതോ, അൻപതോ റബ്ബർ മരമുള്ളവരൊക്കെ ഇതിന്റെ പരിധിയിലാണ് വരുന്നത്. നിലവിലെ സംവിധാനം ഉപയോഗിച്ച് ഓരോ സ്ഥലത്തും കാൽനടയായി പോയി പരിശോധിക്കാനുള്ള അപ്രായോഗികതയാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. 13586 അംഗങ്ങൾ ഇതിൽ ചേർന്നിട്ടുണ്ട്. തൊഴിലുടമയാണ് തൊഴിലാളികളുടെ വിഹിതവും ചേർത്ത് അടക്കേണ്ടത്. സ്വയം തൊഴിൽ ചെയ്യുന്നവരാണെങ്കിൽ അവർ 240 രൂപ ഒരുമിച്ച് അടയ്ക്കണമെന്നാണ് ആക്ടിന്റെ വ്യവസ്ഥ. പലപ്പോഴും ട്രേഡ് യൂണിയൻകാർ തന്നെ തൊഴിലാളി യുടേയും തൊഴിലുടമയുടേയും വിഹിതം അടയ്ക്കാൻ തയ്യാറാകുമ്പോൾ അത് ആക്ടിൽ പ്രതിപാദിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണ്, പലപ്പോഴും ആ അംഗങ്ങളുടേയോ, തൊഴിലാളികളുടെയോ ജെന്യുവിനിറ്റി പരിശോധിക്കാനുള്ള സംവിധാനമില്ല. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ഒരുപാട് പോരായ്മകളുണ്ട്. എങ്കിൽപ്പോലും ഗവൺമെന്റ് വളരെ ഗൗരവമായി ഈ കാര്യം വീക്ഷിച്ചുകൊണ്ട് എന്ത് ചെയ്യാൻ സാധിക്കും എന്ന് ആലോചിക്കുന്നുണ്ട്. ബോർഡുകളുടെ സംയോജനം വരുമ്പോൾ ഇത്

കർഷകത്തൊഴിലാളി ബോർഡിന്റെ ഭാഗമാക്കിമാറ്റാൻ സാധിക്കുമോ എന്നകാര്യവും പരിശോധിക്കുകയാണ്. അങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമോയെന്നാണ് ഇപ്പോൾ നോക്കുന്നത്.

## സ്വകാര്യ ബസ്സ് പെർമിറ്റ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. സി ജോർജ്, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മിനിസ്റ്റർ അടുത്തിരിക്കുന്നതുകൊണ്ട് സ്വകാര്യമായി പറഞ്ഞാൽ പോരെ?

ശ്രീ. പി. സി. ജോർജ്: സർ, പോര. ഇത് കേരളത്തിലെ ജനങ്ങൾ അറിയേണ്ട കാര്യമാണ്. ജനങ്ങൾ അറിയണമെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് സഭയിൽ തന്നെ പറയുന്നത്. കക്ഷി നേതാക്കൾ ഇതിൽ ഇടപെടേണ്ട കാര്യമില്ല. ഞാൻ പറയാൻ പോകുന്നത് കെ.എസ്.ആർ.ടി.സി. –യെ സംബന്ധിച്ച കാര്യമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം കെ.എസ്.ആർ.ടി.സി.–യും വേണം പ്രൈവറ്റ് ബസ്സും വേണം, അതല്ലാതെ നമ്മുടെ നാട്ടിലെ യാത്രാക്ലേശം പരിഹരിക്കുവാൻ ആർക്കും സാധിക്കുകയില്ല. കെ.എസ്.ആർ.ടി.സി. പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്, അത് ലാഭകരമായി പോകണം എന്ന് നിർബന്ധം പിടിക്കുന്നത് ന്യായമല്ല. നഷ്ടം സഹിച്ചും അത് നടത്തണം. കെ.എസ്.ആർ.ടി.സി.–യെ ആ നഷ്ടത്തിൽനിന്ന് രക്ഷിക്കുവാൻ 110 കോടി രൂപ സർക്കാർ ഖജനാവിൽ നിന്നെടുത്ത് രണ്ടു–മൂന്നാഴ്ച മുൻപ് മന്ത്രിക്ക് കൊടുത്തു. 110 കോടി രൂപ കൊടുത്ത വാർത്ത പത്രത്തിൽ കണ്ടിരുന്നു. എത്ര കോടി രൂപ കൊടുത്താലും നമ്മളെല്ലാപേരും അതിനെ അനുകൂലിക്കുന്നവരാണ്.

കാരണം പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്, ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. തന്നെ വേണം, പ്രൈവറ്റ് ബസ്സുകൾ കൊണ്ട് പറ്റില്ല. ഈ കെ.എസ്.ആർ.ടി.സി.-യിലുള്ള ഏതോ ഒരു നിഗൂഢ ശക്തി വളരെ ബോധപൂർവ്വം ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ തകർക്കാൻ ഇറങ്ങിയിരിക്കുകയാണ് എന്നാണ് എന്റെ തോന്നൽ. 140 കിലോമീറ്ററിൽ കൂടുതലുള്ള സർവ്വീസുകൾ മുഴുവൻ പ്രൈവറ്റ് ബസ്സുകൾ നിർത്തണം എന്നുപറഞ്ഞ് കോടതി വിധി ഉണ്ടെന്നാണ് പറയുന്നത്. ഞാൻ കോടതി വിധി മുഴുവൻ പരിശോധിച്ചു നോക്കി. ഇതാണ് ആ കോടതി വിധി. ഞാൻ അത് മന്ത്രിയുമായി സംസാരിച്ചതു കൊണ്ട് വിശദീകരിക്കുന്നില്ല. ആ കോടതി വിധിയിൽ ഒരു സ്ഥലത്തും, 140 കിലോമീറ്ററിൽ കൂടുതലുള്ള സർവ്വീസ്സുകൾ മുഴുവൻ ഫാസ്റ്റ് പാസഞ്ചർ അല്ലെങ്കിൽ എക്സ്പ്രസ്സ് സർവ്വീസ് ഏറ്റെടുക്കുവാൻ കോടതി പറഞ്ഞിട്ടില്ല. കോടതി ആകെ പറഞ്ഞത് സ്കീം നടപ്പാക്കാനാണ്. ഒരു സ്കീം ഗവൺമെന്റിനു പ്രഖ്യാപിക്കാം, അതു നടപ്പാക്കാനുള്ള അവകാശം എക്സിക്യൂട്ടീവിനാണ്, അത് കോടതിയുടേതല്ല, കോടതി അതിൽ ഇടപെടുന്നില്ല എന്നാണ് പറഞ്ഞത്. അങ്ങനെ പറഞ്ഞാൽ ഗവൺമെന്റിന് സൗകര്യമുളളത് ചെയ്യാനാണോ? ശരി ചെയ്യാനാണ്. ഇവിടെ പ്രശ്നമെന്താണ്? ആകെ കെ.എസ്.ആർ.ടി.സി.-ക്ക് 5400 ഷെഡ്യൂളുകളുണ്ട്. ഓപ്പറേറ്റ് ചെയ്യുന്നത് 4700 മാത്രമാണ്, ബസ്സുകൾ ആകെ 5000 എണ്ണവുമുണ്ട്. ഇതാണ് സത്യം, നിഷേധിക്കുവാൻ പറ്റുകയില്ലല്ലോ? അപ്പോൾ 2300 സർവ്വീസുകൾ എങ്ങനെ കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റെടുക്കുവാൻ പറ്റും? അതിനുള്ള പണം എവിടെ? എവിടെ നിന്ന് ബസ്സുണ്ടാക്കും? എന്റെയൊരു അനുഭവം, ഈ കഴിഞ്ഞ ദിവസം കോടതി വിധി കാണിച്ചുകൊണ്ട് ചെയ്തു

വച്ചിരിക്കുന്ന മഹാപാപം പറയാം. അപ്പോൾ മനസ്സിലാകും. മന്ത്രിക്കുകൂടി ബോധ്യമുള്ള ഒരെണ്ണം പറയാം. അടൂർ–എറണാകുളം എക്സ്പ്രസ്സ് സർവീസ് കെ.എസ്.ആർ.ടി.സി. നടത്തിക്കൊണ്ടിരുന്നു. ആ സർവ്വീസിന്റെ കളക്ഷൻ 25,000 രൂപ ഓരോ ദിവസവും കിട്ടിക്കൊണ്ടിരുന്നു. ആ സർവ്വീസ് നിർത്തിയിരിക്കുകയാണ്. എന്തിനാണെന്ന് അറിയാമോ, കോട്ടയം–കുമളിയിൽ ഓടുന്ന ഒരു പ്രൈവറ്റ് ബസ്സുണ്ട്, ആ ബസ്സ് നിർത്തി, അതിന്റെ സമയത്ത് അത് ഓടിക്കണ്ടേ? ഈ കോടതി വിധിയാണ് പറയുന്നത്. അടൂർ–എറണാകുളം ഓടിക്കോണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് ക്യാൻസൽ ചെയ്തിട്ട് കോട്ടയം–കുമളി പ്രൈവറ്റ് ബസ്സിനു പകരം ഓടിക്കുകയാണ്, അതിന്റെ കളക്ഷൻ എത്രയാണ് എന്നറിയാമോ? ഞാൻ ഇന്നലെ അന്വേഷിച്ചു, 5,000 രൂപ. 25,000 രൂപ കളക്ഷനുള്ള സർവ്വീസ് നിർത്തിയിട്ട് പ്രൈവറ്റ്കാരനെ മര്യാദ പഠിപ്പിക്കുവാൻ വേണ്ടി 5,000 രൂപ കളക്ഷനുവേണ്ടി പോകുകയാണ്. എത്ര ക്രൂരമാണ് ഇത്. കുമളി–എറണാകുളം ബസ്സിനു വച്ച പാരയാണ് 20,000 രൂപ നഷ്ടമാക്കിയത്. എന്റെ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട–തീക്കോയി–എറണാകുളം സർവ്വീസ്, വർഷങ്ങളായി പ്രൈവറ്റ് ബസ്സ് കറക്ട് ടൈമിൽ ഓടിക്കോണ്ടിരിക്കുകയാണ്. ആ ബസ്സിനു പകരം അതേ സമയത്ത് എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട സ്ഥലത്തുകൂടി ഓടിക്കൊണ്ടിരുന്ന ബസ്സ് കട്ട് ചെയ്ത് അതിനു പകരമിട്ടിരിക്കുകയാണ്. അതിന്റെ കളക്ഷൻ 6,000 രൂപയാണ്. പ്രൈവറ്റ് ബസ്സുകാരോട് അന്വേഷിച്ചപ്പോൾ അവർക്കും 6,000 രൂപ തന്നെയാണ്. എന്തിനാണ്; ഇത് ക്രൂരതയല്ലേ? എന്തുകൊണ്ട് ഇതൊക്കെ ചെയ്യുന്നു. ഞാൻ ആർക്കുവേണ്ടിയും വാദിക്കുന്നില്ല, ജനങ്ങൾക്ക് വേണ്ടിയാണ് വാദിക്കുന്നത്. ഞാൻ സഭയിൽ ഇക്കാര്യം പറഞ്ഞത് വെറുതേ

അല്ല. ഞാൻ ഇന്നലെ സി.ഐ.റ്റി.യു.-വിന്റെ ഏറ്റവും വലിയ നേതാവായ എളമരം കരീമിനോട് സംസാരിച്ചു. അദ്ദേഹം പറഞ്ഞു, ജോർജ് പറഞ്ഞ അഭിപ്രായമാണ് എന്റേതും. ശ്രീ. എളമരം കരീം സാഹിബ്, നാളെ വരുമ്പോൾ ചോദിച്ചു കൊള്ളൂ. എന്റെ ജില്ലയിലുള്ള അങ്ങയുടെ നേതാവ് ശ്രീ. അജിത്ത് എം.എൽ.എ.-യുമായി ഇന്നലെ സംസാരിച്ചു, അദ്ദേഹത്തിന്റെ വേദന അദ്ദേഹവും പറഞ്ഞു. ഈ കെ.എസ്. ആർ.ടി.സി.-ക്കാരൻ അങ്ങോട്ടു മിങ്ങോട്ടും മാറ്റി മാറ്റി.... ഞാൻ എന്റെ ബുദ്ധിമുട്ട് പറഞ്ഞതാണ്, പാർലമെന്ററി പാർട്ടി ആയാലും, എന്തായാലും. ഇത് ശരിയായ ഒരു നടപടിയല്ല. എന്താണു ചെയ്യേണ്ടത്? അട്ടിമറിക്കുവാൻ സ്വകാര്യ ബസ്സുടമകൾ ഫണ്ടു ശേഖരിക്കുകയാണെന്ന് ഒരു വാർത്ത വന്നിരിക്കുകയാണ്. പെർമിറ്റ് ഒന്നിന് ഒന്നരലക്ഷം. ഇത്തരം കള്ളപ്രസ്താവനകൾ, ഞാൻ ഈ വാർത്ത വന്നയുടൻ മുഴുവൻ അന്വേഷിച്ചു. ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ പറയുന്നു. ഈ വാർത്തയുടെ അടിസ്ഥാനത്തിൽ നിങ്ങൾ അന്വേഷിക്കണം, എവിടെയെങ്കിലും ബസ്സുകാരൻ ഒരു രൂപ പിരിച്ചെന്നു പറഞ്ഞാൽ, ആ തുക പറഞ്ഞാൽ ഞാൻ ഖജനാവിലേയ്ക്ക് എന്റെ ഫണ്ടിൽ നിന്ന് എന്റെ സ്വത്ത് വിറ്റ് വച്ചേയ്ക്കാം. എന്തിനാണ് ഇങ്ങനെ കള്ള പ്രസ്താവനയുമായി ഇറങ്ങുന്നത്. രാജ്യത്ത് ജീവിക്കാൻ സമ്മതിക്കുകയില്ലേ? യാത്രക്കാരന് യാത്ര ചെയ്യേണ്ടേ? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്, കെ.എസ്.ആർ.ടി.സി. നിലനിൽക്കണം. സംശയമില്ല, പ്രൈവറ്റ് ബസ്സുകാരൻ നിലനിന്നില്ലെങ്കിൽ യാത്രാപ്രശ്നം പരിഹരിക്കുവാൻ കഴിയില്ല. അങ്ങ് എത്രയും വേഗം ഇവിടത്തെ കക്ഷി നേതാക്കളുമായി ആലോചിച്ച് ഇതിന് ഒരു പരിഹാരം ഉണ്ടാക്കണം. കോടതി ഇങ്ങനെ പറഞ്ഞു എന്ന കള്ള പ്രസ്താവനയുമായി

നടക്കുന്നവരോട് 2300 ബസ്സ് ഉണ്ടാക്കാൻ പറ്റുമോ? എവിടെ നിന്ന് ഉണ്ടാക്കും. ഇല്ലാത്ത കാര്യം പറഞ്ഞ് മദ്ധ്യതിരുവിതാംകൂറിലെ സർവ്വീസുകളെല്ലാം ക്യാൻസൽ ചെയ്യുകയാണ്. മലബാറിലുമുണ്ടല്ലോ, ക്യാൻസൽ ചെയ്യാൻ ധൈര്യമുണ്ടോ? അപ്പോൾ മദ്ധ്യതിരുവിതാംകൂറിൽ എന്ത് വൃത്തികേടും ആകാം എന്നാണോ? അതുകൊണ്ട് ഗവൺമെന്റ് ശക്തമായ നടപടി ഈ കാര്യത്തിലെടുക്കണം എന്നാവശ്യപ്പെടുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 1988-ൽ യാത്രാബസുകളുടെ നിരക്ക് പുതുക്കി നിശ്ചയിച്ച സമയത്ത് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 150 ഓ അതിലധികമോ ഉള്ള സ്റ്റേജ് ഗ്യാരേജുകൾ സ്വന്തമായിട്ടുള്ള വ്യക്തികളോ ഓർഗനൈസേഷനോ ഫ്ളീറ്റ് ഓണറാകുമെന്നുള്ളത് നേരത്തെയുണ്ടായിരുന്ന വിധി. അതിനുശേഷം അതുസംബന്ധിച്ച് കോടതിയിൽ പോവുകയും പ്രസ്തുത കോടതി വിധിയിൽ 70 ബസ്സുകളുള്ളവരെ ഫ്ളീറ്റ് ഓണറായി കൺസിഡർ ചെയ്യുമെന്ന് പറഞ്ഞു. അതിനുശേഷം പിന്നീട് അത് കോടതിയിൽ ചോദ്യം ചെയ്തപ്പോൾ 70 എന്നുള്ള നമ്പർ മാറിയിട്ട് ഡിസ്റ്റൻസിന്റെ അടിസ്ഥാനത്തിൽ ഫ്ളീറ്റ് ഓണറെ തീരുമാനിക്കുന്ന സ്ഥിതിവന്നു. അങ്ങനെവന്നപ്പോഴുള്ള ഒരു പ്രശ്നം ഫ്ളീറ്റ് ഓണർക്ക് മാത്രമായി ഉപയോഗിക്കാവുന്ന ചില റൂട്ടുണ്ട്. ഫ്ളീറ്റ് ഓണർ അല്ലാത്ത ആളുകൾക്ക് ഉപയോഗിക്കാവുന്ന ഓർഡിനറി റൂട്ടുമുണ്ട്. ഫ്ളീറ്റ് ഓണറായി ഉപയോഗിക്കാവുന്ന റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള ബസ്സുകൾ ഫ്ളീറ്റ് ഓണർക്കുമാത്രമേ ഓടിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ വന്നിരിക്കുന്ന

ഡിസ്പ്യൂട്ട് കോടതിയിൽ പോയി, അവസാനം ഗവൺമെന്റിന് വേണമെങ്കിൽ തീരുമാനമെടുക്കാമെന്ന് ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞത് ശരിയാണ്. അങ്ങനെ തീരുമാനമെടുക്കാമെന്നുള്ള നിലയിൽ വരികയാണ്. പക്ഷെ, ഇവിടെ കെ.എസ്.ആർ.ടി.സി.ക്കുമാത്രമായി ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരുവിധി വന്നിരിക്കുന്നുവെന്ന് ഒരു വ്യാഖ്യാനം വന്നിരിക്കുന്ന സാഹചര്യത്തിൽ ഏകപക്ഷീയമായി ഒരു വ്യക്തിയെന്നുള്ള നിലയിൽ ഞാൻ ഒരു തീരുമാനമെടുക്കുന്നത് ശരിയാണോ എന്നുള്ള രണ്ടുപക്ഷം എന്റെ മനസ്സിലുമുണ്ട്. അതേസമയം യാഥാർത്ഥ്യങ്ങൾ പലതുണ്ട്. ഞാൻ ഈ സഭയുടെ ഭരണ–പ്രതിപക്ഷത്തുള്ള പല നേതാക്കന്മാരുമായി ഇക്കാര്യങ്ങൾ ഷെയർ ചെയ്തു. അതൊക്കെയൊരു സ്വകാര്യ സംഭാഷണമാണ്. അങ്ങനെയല്ലാതെ ഫോർമലായിത്തന്നെ ഏകോപിച്ചൊരു തീരുമാനത്തിൽ വരണം. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ ഒരു വലിയ വ്യൂഹം ബസ്സുകളെ ബാധിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. എങ്കിൽപ്പോലും ഈ ഹൗസിലെ ഭരണ–പ്രതിപക്ഷത്തുള്ളവരുടെ ഒരു കോൺസെൻസസ്കൂടി എടുത്തെങ്കിൽ മാത്രമേ ഇതുപോലുള്ള കാര്യത്തിന് തീരുമാനമുണ്ടാവുകയുള്ളൂ. കാരണം, ഇത് ദീർഘകാലമായിട്ടുള്ള ഒരു പ്രശ്നമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമോ അല്ലെങ്കിൽ ഞാൻ ഈ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് ഏറ്റെടുത്തതിനുശേഷമോ ഉള്ള ഒരു കാര്യവുമല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തെ പൂർണ്ണമായി അംഗീകരിക്കുകയാണ്. അതുകൊണ്ട് ബന്ധപ്പെട്ട കക്ഷിനേതാക്കന്മാരും ഇതിൽ താൽപ്പര്യമുള്ള ആളുകളുമായി സമയമുണ്ടെങ്കിൽ നാളെത്തന്നെ ഇക്കാര്യം സംബന്ധിച്ച് ചർച്ച ചെയ്യാൻ യാതൊരു വിരോധവുമില്ല. സൗകര്യപ്രദമാണെങ്കിൽ ബഹുമാനപ്പെട്ട ചെയർകൂടി അനുവദിക്കുകയാണെങ്കിൽ സഭാനടപടി നടക്കുന്ന സമയത്ത് ഈ ഹൗസിൽ എവിടെയെ

ങ്കിലും ഉച്ചയ്ക്ക് ഏതെങ്കിലുമൊരു സമയത്ത് ചേർന്ന് ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ സാധിക്കും. ബന്ധപ്പെട്ട ആളുകളുടെ സമയക്ലിപ്തതകൂടി വച്ച് നാളെ ഒരു യോഗംകൂടി ആലോചിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതാണ് എന്റെ വിശ്വാസം. പക്ഷെ, അത് ജനറലായിട്ടുള്ള ഒരു ഡിസ്കഷനുശേഷം മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഒരു കോമൺ കോൺസെൻസസ് ഇതിൽ ഉണ്ടാകണം. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാം. അങ്ങ് പറഞ്ഞതുപോലെതന്നെ ഇതുസംബന്ധിച്ച് ഒരുയോഗം ചേരുന്നതിന് ഗവൺമെന്റിന് യാതൊരു തടസ്സവുമില്ല. അങ്ങനെയൊരു യോഗം ചേരുന്നതിനെ ഗവൺമെന്റ് സ്വാഗതം ചെയ്യുകയാണ്. ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ച് തൃപ്തികരമായൊരു തീരുമാനമുണ്ടാക്കണം. അതോടൊപ്പംതന്നെ കെ.എസ്.ആർ.ടി.സി.യുടെ വിഷമംകൂടി പറയാതിരിക്കുന്നത് ശരിയല്ല. രണ്ടുമൂന്ന് പ്രാവശ്യമായി ഒരു പാക്കേജുണ്ടാക്കി, ആ പാക്കേജ് ക്ലിയർ ചെയ്യുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിൽ നിൽക്കുകയാണ്. ജീവനക്കാരുടെയെല്ലാം വിശ്വാസം ഉൾക്കൊണ്ടുമാത്രമേ ഗവൺമെന്റിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിനുവേണ്ടി വളരെയധികം ചർച്ച നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ റെക്കഗ്നൈസ്ഡ്-രജിസ്റ്റേർഡ് യൂണിയനുകളിലെ ബന്ധപ്പെട്ട ആളുകളുമായി പലവട്ടം ചർച്ചചെയ്ത് ചില കോൺസെൻസസിലേയ്ക്ക് വരികയാണ്. അതേസമയം അങ്ങോട്ടുമിങ്ങോട്ടും തെറ്റിദ്ധാരണയില്ലാത്ത വിധത്തിൽ വളരെ പെർഫെക്ടായിട്ടുള്ള രൂപത്തിൽ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുന്നതാണ് നല്ലതെന്ന് തോന്നുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിൽ ബന്ധപ്പെട്ട കക്ഷിനേതാക്കന്മാരോ അവർ നിയോഗിക്കുന്ന വ്യക്തികളോ അവർക്കെല്ലാവർക്കും സമ്മതമാണെ

ങ്കിൽ നാളെ ഉച്ചയ്ക്കുശേഷംതന്നെ ഒരുയോഗം ചേർന്ന് അതിനെക്കുറിച്ചൊരു തീരുമാനമുണ്ടാക്കാൻ കഴിയുമെന്ന് വിശ്വസിക്കുകയാണ്.

## മൃഗസംരക്ഷണ വകുപ്പിന് ഭൂമി കൈമാറേണ്ടത് സംബന്ധിച്ച്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, എന്റെ നിയോജകമണ്ഡലത്തിലെ കൊളത്തൂർ വില്ലേജിൽ ആർ.എസ്. നമ്പർ 11/1–ബി–യിൽപ്പെട്ട 22.75 ഏക്കർ സ്ഥലം 27 വർഷം മുമ്പ് സോഷ്യൽ ഫോറസ്ട്രിക്ക് കൈമാറിയെങ്കിലും നാളിതുവരെയായി ഈ ഭൂമി ഏറ്റെടുക്കുകയോ യാതൊരുതരത്തിലുള്ള പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. ആ ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. എന്നാൽ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ആട് ഫാം തുടങ്ങുന്നതിന് ഇതിൽ 12 ഏക്കർ ഭൂമി വിട്ടുതരണമെന്ന് ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിക്കുകയും അത് റവന്യൂ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയുമാണ്. കേന്ദ്രസർക്കാർ 2012-13 സാമ്പത്തിക വർഷത്തിൽ 2.32 കോടി രൂപ ഇതിനായി അനുവദിച്ചെങ്കിലും സ്ഥലം കിട്ടാത്തതിനാൽ ടി തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ടി തുക ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്താൽമാത്രമേ ബാക്കിതുക തരാൻ ഗവൺമെന്റ് തയ്യാറാവുകയുള്ളൂ. നമ്മുടെ നാട്ടിലെ വിവിധ പദ്ധതികൾ നീണ്ടുപോകുന്നതിനുള്ള പ്രധാനപ്പെട്ട കാരണം ഇതുതന്നെയാണ്. ഇന്നലെ ഇവിടെ ജലസേചന വകുപ്പിലെ വിവിധ പദ്ധതികൾക്ക് കാലതാമസമുണ്ടാക്കുന്നതിനെപ്പറ്റിയാണ് ചർച്ച ചെയ്തതെങ്കിൽ അതുപോലെതന്നെ റവന്യൂ വകുപ്പ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും കാലതാമസം നേരിടുകയാ

ണ്. ഇതിനായി കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു തീരുമാനമെടുത്ത് അംഗീ കാരത്തിനുവേണ്ടി റവന്യൂ വകുപ്പിനുമുമ്പിൽ സമർപ്പിച്ചപ്പോൾ അത് തിരിച്ചു കിട്ടുന്നതിന് ഒരു കൊല്ലക്കാലം കാത്തിരിക്കേണ്ടിവന്നതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊരു സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിപോലും ഇക്കാര്യത്തിൽ ഇടപെട്ട് അവിടെ ആട് ഫാം സ്ഥാപി ക്കുന്നതിനുവേണ്ടി തറക്കല്ലിടുകയും ചെയ്തതാണ്. അവിടെ വെറുതെ കിട ക്കുന്ന 27 ഏക്കർ സ്ഥലത്തിൽനിന്നും 12 ഏക്കർ ഈ ആവശ്യത്തിനുവേണ്ടി വിട്ടുതരണമെന്ന് ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും വകുപ്പിനും എന്റെ മണ്ഡലത്തിലെ പദ്ധതിയെന്നുമുള്ള നിലയ്ക്ക് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി(ശ്രീ. അടൂർ പ്രകാശ്): സർ, കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിൽ 9.2069 ഹെക്ടർ സ്ഥലം സാമൂഹ്യവനവത്കരണ ആവശ്യത്തിനുവേണ്ടി 21-02-1986-ൽ വനം വകുപ്പിന് നൽകിയിരുന്നതാണ്. എന്നാൽ വനംവകുപ്പ് ഇതുവരെയും ആ പദ്ധതി നട പ്പാക്കിയിട്ടില്ല. ആ സ്ഥലം ആട് വളർത്തൽ കേന്ദ്രത്തിന് ഏറ്റവും അനുയോ ജ്യമാണെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യ മായിവരുന്ന സ്ഥലം എത്രയുംവേഗത്തിൽ മൃഗസംരക്ഷണ വകുപ്പിന് നൽകു ന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ അടിയന്തരമായി നൽകുന്നതാണ്.

ശുചീകരണത്തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. എ. എ. അസീസ്: സർ, കൊല്ലം ജില്ലയിൽ 15 വർഷംമുമ്പ് മുനിസി പ്പാലിറ്റി ആയിരുന്നപ്പോഴുണ്ടായിരുന്ന സ്ഥിരം തൊഴിലാളികൾ മാത്രമേ

ഇപ്പോഴും നിലവിലുള്ളൂ. മുനിസിപ്പാലിറ്റിയോടൊപ്പം വടക്കേവിള, ഇരവിപുരം, ചെട്ടികുളങ്ങര, കിളിയല്ലൂർ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് കോർപ്പറേഷനായി ഉയർത്തുകയും 55 വാർഡ് ഡിവിഷനുകളായി നിജപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. കൊല്ലം കോർപ്പറേഷനോടൊപ്പം സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള തൃശൂർ കോർപ്പറേഷനിലും സ്ഥിരം തൊഴിലാളികളായി 249 പേരും ദിവസക്കൂലി ഇനത്തിൽ 208 പേരുമുൾപ്പെടെ 457 തൊഴിലാളികളാണ് ഇന്നുള്ളത്. കോർപ്പറേഷൻ സെക്രട്ടറിയുടെ സർക്കാരിലേയ്ക്കുള്ള കത്തിൽ ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിലെ കണ്ടിൻജൻസി തസ്തികകളിൽ 175 അധിക തസ്തികകൂടി അനുവദിക്കണമെന്നും ആയതിലേയ്ക്കുള്ള സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷൻ കൗൺസിൽ വഹിക്കുന്നതാണെന്നും കാണിച്ച് 20-12-2012-ൽ ധനകാര്യ ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് 2010-11, 2011-12 വർഷങ്ങളിലെ കോർപ്പറേഷന്റെ സാമ്പത്തിക സ്റ്റേറ്റ്മെന്റും അയച്ചുകൊടുത്തിട്ടുണ്ട്. ഇതൊന്നുംതന്നെ പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ ഇപ്പോൾ സ്ഥിരം തൊഴിലാളികൾ പെൻഷൻ പറ്റുമ്പോൾ ആ ഒഴിവിൽ ഓരോരുത്തരേയും സ്ഥിരപ്പെടുത്തുകയാണ് ചെയ്തുവരുന്നത്. ഈ സ്ഥിതി തുടർന്നാൽ ഇപ്പോൾ ജോലി ചെയ്യുന്ന 4055 നുമിടയിൽ പ്രായമുള്ള ആളുകൾ സ്ഥിരമാകാതെ പിരിഞ്ഞുപോകേണ്ടിവരും. സാധാരണ ദിവസക്കൂലി വേതനമായി 600-750 രൂപ വരെ കിട്ടുന്ന ഈ കാലഘട്ടത്തിൽ തുച്ഛമായ വേതനം മാത്രമാണ് ഇവർക്ക് ലഭിക്കുന്നത്. എലിപ്പനി, ഡങ്കിപ്പനി, മലേറിയ തുടങ്ങിയ മാരകമായ പകർച്ചവ്യാധികൾ വളരെവേഗം പിടികൂടുന്നത് ശുചീകരണ തൊഴിൽചെയ്യുന്ന തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെ

യുമാണ്. ആകയാൽ നഗരകാര്യ ഡയറക്ടർക്കുവേണ്ടി 19–04–2013–ലും 29–08–2013–ലും സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭാ ശുചീകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് മുൻനിർത്തി എട്ട് വർഷകാലത്തിലധികമായി സ്ഥിരമായി ജോലി ചെയ്തുവരുന്ന കണ്ടിൻജൻസി തൊഴിലാളികളെ സ്ഥിരപ്പെടുത്തി തസ്തിക 175 ആക്കി ഉയർത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചതിനെത്തുടർന്ന് നഗരവിസ്തൃതിയും പഴയ മുനിസിപ്പാലിറ്റിയുടെ ഇരട്ടിയിലധികമായ സാഹചര്യത്തിൽ 175 ശുചീകരണ തൊഴിലാളികളുടെ തസ്തിക കൂടുതലായി അനുവദിക്കണമെന്ന് മുനിസിപ്പൽ കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. സി.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 1982–ൽ സർക്കാർ പുറപ്പെടുവിച്ചിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നേടുന്നവരെ ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ഥിരം തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതാണ് നിലവിലുള്ള വ്യവസ്ഥ. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ 175 അധിക കണ്ടിൻജന്റ് തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന 3.83 കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യത വഹിക്കാൻ തയ്യാറാണെന്ന് കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചിരുന്നു. അടിസ്ഥാനശമ്പളം 8730 ആയി കണക്കാക്കിയാൽ തന്നെ 175 ജീവനക്കാരുടെ ശമ്പളം, പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് അലവൻസുകൾ ഉൾപ്പെടെ ആദ്യ

വർഷത്തിൽ നാലുകോടിരൂപയുടെ അധിക സാമ്പത്തികബാദ്ധ്യതയുണ്ടാകും. തുടർന്നുള്ള വർഷങ്ങളിൽ ആനുപാതികമായ വർദ്ധനവുമുണ്ടാകും. ആയതിനാൽ അധിക സി.എൽ.ആർ. തസ്തിക സൃഷ്ടിക്കാൻ നിർവ്വാഹമില്ല. എന്നാൽ ശുചീകരണപ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ജീവനക്കാരുടെ അപര്യാപ്തത ഉണ്ടെങ്കിൽ താൽക്കാലികമായി നഗരസഭയ്ക്ക് നിയമിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ 02-06-2013-ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ട്

ശ്രീ. മോൻസ് ജോസഫ്: സർ, മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ട് പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇപ്പോൾ ഭൂരിപക്ഷം നിർമ്മാണപ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുള്ള മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ അവശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾകൂടി പൂർത്തീകരിക്കാൻ കഴിഞ്ഞാൽ അത് കൃഷിക്കാർക്കും മുഴുവൻ ജനങ്ങൾക്കും അനുഗ്രഹമാകുന്ന ഒരു പദ്ധതിയായി മാറുകയാണ്. അവശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച് ഗവൺമെന്റിലുള്ള എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി കൊടുക്കാനും ആ പ്രവൃത്തി ക്രമീകരിച്ചുകൊണ്ട് missing links......പല സ്ഥലങ്ങളിലും നിർമ്മാണം മുടങ്ങിക്കിടക്കുന്നത് പുനരാരംഭിച്ച് അത് പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. വിവിധ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ഈ പദ്ധതി എല്ലാ പ്രദേശങ്ങളിലും വെള്ളം കൊടുത്ത

സ്ഥലങ്ങളിലെല്ലാം കൃഷിക്കാർക്ക് അനുഗ്രഹമായിട്ടാണ് വന്നിട്ടുള്ളത്. അവിടെ കൃഷിയിടങ്ങളിൽ വളരെ ജലസമൃദ്ധമായ സാഹചര്യമുണ്ടായി, കിണറുകളിൽ വെള്ളമുണ്ടായി. അങ്ങനെ ആളുകൾക്ക് വളരെ ഉപകാരപ്രദമായി. ഇത് പൂർത്തീകരിക്കുന്നതിലൂടെ സത്യത്തിൽ വലിയൊരു അനുഗ്രഹമായി ഈ പദ്ധതി യാഥാർത്ഥ്യമാകുകയാണ്. 2015 ഡിസംബറിനുമുമ്പ് പൂർത്തിയാക്കാൻ കഴിയുന്നവിധത്തിൽ ഇതിനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും എത്രയും പെട്ടെന്ന് ഇതിനാവശ്യമായ ഫണ്ട് കൊടുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന, കനാലിന്റെ വിവിധ ഭാഗങ്ങളിൽ അപകടകരമായ സ്ഥിതിവിശേഷം നിലനിൽക്കുന്ന വളരെയധികം സ്ഥലങ്ങളുണ്ട്, അവിടത്തെ സമീപവീടുകളിലെ കുട്ടികൾ ആശങ്കയോടെ കഴിയുന്നു. അതുപോലെതന്നെ യാതൊരു സുരക്ഷിതത്വവും ഉറപ്പുവരുത്താൻ കഴിയാതെ, നേരത്തെ നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്താനും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച സ്ഥലങ്ങളിൽ അവശേഷിക്കുന്ന മണ്ണ് ഫിൽ ചെയ്തുകൊണ്ട് ആളുകൾക്ക് സുഗമമായി അത് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലേയ്ക്കും മാറ്റിയെടുക്കുന്നതിന് വേണ്ടതായ എസ്റ്റിമേറ്റുകളും ഇപ്പോൾ വന്നിട്ടുണ്ട്. അതിനുകൂടി അനുവാദം കൊടുക്കാൻ കഴിയുന്ന വിധത്തിലും മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 65 കോടി രൂപ, എ.ഐ.വി.പി. 50 കോടി രൂപ, സ്റ്റേറ്റ് പ്ലാൻ 15 കോടി രൂപ എന്ന ക്രമത്തിൽ വകയിരുത്തിയിട്ടുണ്ട്. തൊടുപുഴ, മൂവാറ്റുപുഴ, പിറവം, കടുത്തുരുത്തി, ഏറ്റുമാനൂർ മണ്ഡലങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ളത്. നേരത്തെ തയ്യാറാക്കിയ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യൂ.ഡി. നിരക്കനുസരിച്ച് പുതി ക്കേണ്ടതായിട്ടുണ്ട്. എത്രയുംപെട്ടെന്ന് പുതുക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. വലതുകര, പൈങ്കുളം, നൂൽപ്പാലം, കാരിയക്കോട് 4210 മീറ്റർ മുതൽ 5730 മീറ്റർവരെയും 5430 മീറ്റർ മുതൽ 7330 മീറ്റർ വരെ യുമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യൂ.ഡി. എസ്.ആർ.ഒ. പ്രകാരം തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കാരിക്കോട് കനാൽ 1210 മുതൽ 2360 മീറ്റർവരെയുള്ള പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാ റാക്കിവരുന്നു. 2560 മീറ്റർ മുതൽ 4210 മീറ്റർ വരെയുള്ള പ്രവൃത്തിയുടെ 75 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. .478 ഹെക്ടർ സ്ഥലം ഇനിയും ലഭി ക്കുവാനുണ്ട്. ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കാരി ക്കോട് കനാലിന്റെ 7330 മീറ്റർ മുതൽ 10390 മീറ്റർവരെയുള്ള പ്രവൃത്തി യുടെ 65 ശതമാനം പണികൾ പൂർത്തിയാക്കി. എന്നാൽ തദ്ദേശവാസികളുടെ എതിർപ്പുകാരണം ചില ഭാഗങ്ങളിലെ പ്രവൃത്തികളിൽ തടസ്സം നേരിട്ടിട്ടുണ്ട്. പിറവം ബ്രാഞ്ച് കനാലിന്റെ 4250 മീറ്റർ മുതൽ 6660 മീറ്റർ വരെയുള്ള അവ ശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ കരാറുകാരന്റെ അനാസ്ഥകാരണം

റിസ്ക്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. അതിനെതിരെ കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ബാക്കിയുള്ള പണികളുടെ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യൂ.ഡി. റേറ്റ് പ്രകാരം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കോതനല്ലൂർ, ഏറ്റുമാനൂർ പ്രവൃത്തിയുടെ ക്വട്ടേഷൻ 149 ശതമാനം നിരക്കിലായതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചുവരുന്നു. കാരിക്കോട് സീറോ മുതൽ 1210 വരെയുള്ള പ്രവൃത്തിയുടെ 24.8 മീറ്റർ ഭാഗത്തെ സ്ഥലം ഇനിയും ലഭിക്കാനുണ്ട്. സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ഫോറം സ്റ്റോർ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലാ ആസ്ഥാനത്ത് ഒരു ഫോറം സ്റ്റോർ അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. അച്ചടിവകുപ്പിന് കീഴിൽ ഫോറം സ്റ്റോർ ഇല്ലാത്ത ഒരു ജില്ലയാണ് ഇടുക്കി. പേരുമാറ്റം, ജാതിതിരുത്ത്, ഒപ്പ് മാറ്റം തുടങ്ങിയ കാര്യങ്ങൾ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ഇടുക്കിയിലുള്ള അപേക്ഷകർ സമീപ ജില്ലയായ കോട്ടയത്തെ വാഴൂരിലുള്ള ഫോറം സ്റ്റോറിലോ അല്ലെങ്കിൽ തിരുവനന്തപുരത്തെ അച്ചടി വകുപ്പ് ഡയറക്ടറേറ്റിലോ ആണ് എത്തേണ്ടത്. ഇതുമൂലം ഇടുക്കി ജില്ലയിലുള്ളവർക്ക് ഭാരിച്ച സാമ്പത്തികനഷ്ടവും സമയനഷ്ടവുമാണുണ്ടാകുന്നത്. അതുപോലെതന്നെ ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിൽ വിതരണം ചെയ്യേണ്ട അച്ചടി ഫോറങ്ങളും രജിസ്റ്ററുകളും ശേഖരിക്കാൻ വാഹനങ്ങൾ ഓടുന്ന വകയിൽത്തന്നെ സർക്കാരിന് ഭീമമായ നഷ്ടമുണ്ട്. ഇടുക്കി ജില്ല

യിലെ 251 പ്രധാനപ്പെട്ട സർക്കാർ ഓഫീസുകൾക്ക് ആവശ്യമായ അച്ചടി ഫോറങ്ങളും രജിസ്റ്ററുകളും ഉൾപ്പെടെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ നിരവധി ഇനങ്ങൾ വിതരണം ചെയ്യുന്നത് കോട്ടയത്തെ വാഴൂരിലുള്ള ഫോറം സ്റ്റോറിൽ നിന്നാണ്. ഓരോ ഓഫീസിൽനിന്നും പ്രസ്തുത ആവശ്യത്തിനായി വർഷത്തിൽ നിരവധി തവണ വാഹനങ്ങൾ വാഴൂരിൽ പോയിവരുന്നു. ദിവസവും ശരാശരി 4 വാഹനങ്ങൾ ഇടുക്കിയിൽനിന്നും വാഴൂരിൽ പോയിവരുന്നതായാണ് കണക്ക്. 4 വാഹനങ്ങളും ചേർന്ന് ഓടുന്നത് ഏകദേശം 1000 കി.മീ. ആണ്. കിലോ മീറ്ററിന് 10 രൂപ നിരക്കിലാണെങ്കിൽപ്പോലും വാഹനം ഓടുന്ന വകയിൽത്തന്നെ പ്രതിദിനം 10,000 രൂപ ചെലവാകുന്നു. വാഹനങ്ങൾ ഇല്ലാത്ത സർക്കാർ ഓഫീസുകൾ വാഹനങ്ങൾ വാടകയ്ക്കെടുത്താണ് ഈ ആവശ്യങ്ങൾക്കായി പോകുന്നത്. മേൽസാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഇടുക്കി ജില്ലയിൽ അച്ചടി വകുപ്പിന്റെ കീഴിൽ ഒരു ഫോറം സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, നിലവിൽ ഇടുക്കി ജില്ലയിലെ സർക്കാർ ഓഫീസുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദൈനംദിന ആവശ്യങ്ങൾക്കുള്ള ഫോറങ്ങൾ, രജിസ്റ്ററുകൾ, എം-ബുക്കുകൾ, റ്റി.ആർ. രസീതുകൾ തുടങ്ങിയവയും ജീവനക്കാർക്കുള്ള ഡിപ്പാർട്ടുമെന്റ് പരീക്ഷയ്ക്ക് ആവശ്യമായ ടെക്സ്റ്റ് ബുക്കുകൾ, സർവ്വീസ് ബുക്കുകൾ, പെൻഷൻ ബുക്കുകൾ

തുടങ്ങിയവ വിൽപ്പന നടത്തുന്നതും കൂടാതെ പേരുമാറ്റം, മതം മാറ്റം, ജാതി തിരുത്തൽ, ഒപ്പുമാറ്റം തുടങ്ങിയ പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതും കോട്ടയം ജില്ലാ ഫോറം ഓഫീസിൽ നിന്നാണ്. അതുകൊണ്ട് ഇടുക്കി ജില്ലയിലെ സർക്കാർ ഓഫീസുകളുടെ ചെലവിനത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടതായും യാത്രാക്ലേശം അനുഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിവിധ സർവ്വീസ് സംഘടനകളുടെയും പൊതുജനങ്ങളുടെയും നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ ഫോറം സ്റ്റോർ ആരംഭിക്കുന്നതിനുള്ള മേൽ നടപടികൾ കൈക്കൊണ്ടിരുന്നു. അച്ചടി വകുപ്പിൽ ആവശ്യത്തിലധികം ഉദ്യോഗസ്ഥരുണ്ട് എന്നുപറഞ്ഞുകൊണ്ടും ഗസറ്റ് പബ്ലിക്കേഷൻ, ഫോറങ്ങളുടെ അച്ചടി എന്നിവ കമ്പ്യൂട്ടർവൽക്കരിച്ചതിനാലും ഇടുക്കിയിൽ തൽക്കാലം ജില്ലാ ഓഫീസ് ആരംഭിക്കേണ്ടതില്ല എന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ പ്രസ്തുത പ്രൊപ്പോസൽ അന്ന് പരിഗണിക്കുന്നതിന് നിർവ്വാഹമില്ലായിരുന്നു. എന്നാലും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിന്റെ സബ്മിഷനിൽ സൂചിപ്പിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, അവ വളരെ പ്രധാനപ്പെട്ടത് എന്ന് മനസ്സിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ഇടുക്കി ജില്ലയിൽ ഫോറം സ്റ്റോർ തുടങ്ങുന്നതിനുള്ള തീരുമാനം പുനഃപരിശോധിച്ച് ഫോറം സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൃഷിയിറക്കുന്നതിന് സർക്കാരിന്റെ സഹായം

ശ്രീ. സി. കെ. സദാശിവൻ: സർ, കുട്ടനാട്ടിലെ റാണി-ചിത്തിര കായൽ നിലങ്ങളും ഹോളണ്ട് സ്കീം നടപ്പാക്കി നാണ്യവിളകൾ കൃഷിചെയ്തുവന്ന ആർ. ബ്ലോക്ക് കായൽ നിലങ്ങളും വീണ്ടും കൃഷി ചെയ്യുന്നതിന് ഗവൺമെന്റ്

അടിയന്തരമായി ഇടപെടണമെന്ന സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. കായൽ രാജാവായ മുരിക്കനിൽനിന്ന് 1974ൽ മിച്ചഭൂമിയായി ഏറ്റെടുത്ത 1450 ഏക്കർ വരുന്ന നെൽപ്പാടമായിരുന്നു റാണി–ചിത്തിര കായൽ നിലങ്ങൾ. മിച്ചഭൂമിയായി ലഭിച്ച 1130 ഭൂഉടമകൾ കർഷകത്തൊഴിലാളികളും പട്ടികജാതിക്കാരുമായിരുന്നു. ഒരു ഏക്കർമാത്രം ഭൂമിലഭിച്ച ഈ കർഷകർക്ക് നേരിട്ട് കൃഷി ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ആദ്യം റവന്യൂ ഡിപ്പാർട്ടുമെന്റും പിന്നീട് സഹകരണ ഡിപ്പാർട്ടുമെന്റും നേതൃത്വം കൊടുത്താണ് കൃഷി ചെയ്തത്. കൃഷി നഷ്ടത്തിലായതിനെത്തുടർന്ന് പിന്നീട് ഭൂഉടമകൾ ചേർന്ന് നെല്ലുത്പാദക സമിതി രൂപീകരിച്ച് കൃഷി ചെയ്തുവെങ്കിലും അതും നഷ്ടത്തിൽ കലാശിക്കുകയാണുണ്ടായത്. 20 വർഷമായി കൃഷി ചെയ്യാൻ കഴിയാതെ കിടന്ന ഈ കായൽ നിലങ്ങളുടെ പുറംബണ്ട് പൂർണ്ണമായി തകർന്ന് വേമ്പനാട് കായലിനോട് ലയിച്ചുചേരുകയായിരുന്നു. കായൽ വീണ്ടെടുക്കണമെന്ന മുറവിളിയെത്തുടർന്ന് സ്വാമിനാഥൻ പാക്കേജിൽ ഇത് ഉൾപ്പെടുത്തി. 28 കോടി രൂപ ചെലവഴിച്ച് പൈൽ ആന്റ് സ്ലാബ് സ്ഥാപിച്ച് പുറംബണ്ട് നിർമ്മിച്ച് പ്രാഥമികമായി കൃഷിയോഗ്യമാക്കി ഇപ്പോൾ മാറ്റിയിട്ടുണ്ട്. വെള്ളം വറ്റിച്ച് വീണ്ടും കൃഷിയിറക്കണമെങ്കിൽ 9 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്. അതുമാത്രമല്ല, താറുമാറായിക്കിടക്കുന്ന വൈദ്യുതി ലൈൻ പുനഃസ്ഥാപിക്കേണ്ടതുണ്ട്. മോട്ടോർ തറകൾ സ്ഥാപിച്ച് വെള്ളം വറ്റിച്ച് കൃഷിയിറക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ആലപ്പുഴ ജില്ലാകളക്ടർ കൃഷിക്കാരുടെ യോഗം വിളിച്ച്, കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ കാര്യത്തിൽ കൃഷി ഡിപ്പാർട്ടുമെന്റും വൈദ്യുതി ഡിപ്പാർട്ടുമെന്റും അടിയന്തരമായി സഹായം

നൽകി ഈ കൃഷിക്കാരെ കൃഷിചെയ്യുന്നതിനായി പ്രോത്സാഹിപ്പിക്കണമെന്നതാണ് ഒരു ആവശ്യം.

മറ്റൊന്ന്, ആർ. ബ്ലോക്ക് കായൽ – 100 വർഷങ്ങൾക്കുമുമ്പ് വേമ്പനാട്ട് കായലിൽനിന്ന് ചിറബണ്ടുകെട്ടി കുത്തിപ്പൊക്കിയെടുത്ത കായലാണ്. 1450 ഏക്കറാണ് ഈ കായൽ. 1962 മുതൽ പുറംബണ്ട് കരിങ്കൽ ഭിത്തികെട്ടി ഉയർത്തി ഹോളണ്ട് മാതൃകയിൽ നാണ്യവിളകൾ കൃഷി ചെയ്തുവരികയായിരുന്നു. ചെത്തുതൊഴിലാളികളും കൃഷിക്കാരും ഉൾപ്പെടെ പതിനായിരക്കണക്കിന് ആളുകളാണ് ഇതിന്റെ ഭാഗമായി ജീവിച്ചുവന്നത്. 21 പമ്പുസെറ്റുകൾ സ്ഥാപിച്ചാണ് വെള്ളം വറ്റിച്ചുകൊണ്ടിരുന്നത്. ഈ കായലിൽ ഇപ്പോൾ നാലു സെറ്റ് പമ്പുകൾമാത്രമേ പ്രവർത്തിക്കുന്നുള്ളൂ. മഴവെള്ളംനിറഞ്ഞ് കൃഷി പൂർണ്ണമായി അവിടെ നശിച്ചിരിക്കുകയാണ്. മണ്ടപോയ തെങ്ങുകൾ, കരിഞ്ഞുണങ്ങി നിൽക്കുന്ന വൃക്ഷത്തലപ്പാവുകൾ, പൂർണ്ണമായി തകർന്നടിഞ്ഞ നാണ്യവിളകൾ. ഒരു ശ്മശാനഭൂമിയുടെ അവസ്ഥയിലാണ് ഇപ്പോൾ ആർ. ബ്ലോക്ക് കായൽ. 550 ഭൂഉടമകൾ കൃഷി ചെയ്തുവന്ന ഈ കായൽ വീണ്ടും കൃഷി ചെയ്യുന്നതിനുവേണ്ടി കൃഷി ഡിപ്പാർട്ടുമെന്റിന്റെ സഹായമുണ്ടാകണം. കൃഷി ചെയ്യുന്നതിന് ശരിയായ രൂപത്തിലുള്ള പദ്ധതി ആസൂത്രണം ചെയ്യണം. നാണ്യവിളകൾ ഇനി അപ്രായോഗികമാണെന്നാണ് പറയുന്നത്. അതുകൊണ്ട് നെൽക്കൃഷിയിലേയ്ക്ക്  ഈ കായലിനെ മടക്കിക്കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ അറിയിച്ചിരിക്കുന്നത്. കുട്ടനാട് താലൂക്കിൽപ്പെട്ട കൈനകരി പഞ്ചായത്തിൽ ആയിരത്തോളം കർഷകരുള്ളതും 500 ഹെക്ടറോളം വിസ്തീർണ്ണമുള്ളതുമായ റാണി-ചിത്തിര പാടശേഖരങ്ങൾ കഴിഞ്ഞ 20 വർഷമായി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ പാടശേഖരത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥർ പല സ്ഥലങ്ങളിലായി താമസിക്കുന്നവരാണ്. ഇവിടെ കൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ കൃഷി നഷ്ടത്തിലായിരുന്നു. 1994-ലാണ് അവസാനമായി കൃഷിയിറക്കിയത്. എന്നാൽ 2014-15 വർഷം ഈ പ്രദേശത്ത് നെൽക്കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 7,60,32,450 രൂപയുടെ പദ്ധതി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-5-2014-ന് യോഗം ചേരുകയും റാണി-ചിത്തിര കായലിൽ നെൽക്കൃഷി പുനരുദ്ധാരണം തത്വത്തിൽ അംഗീകരിക്കുകയും അതിനുശേഷം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ സ്ഥലമുടമകളുടെയും യോഗം നടത്തുകയുമുണ്ടായി. ഇതിൽ അഞ്ഞൂറോളം കർഷകർ പങ്കെടുക്കുകയും പാടശേഖരസമിതി രൂപീകരിച്ച് ആയതിന്റെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ട്. റാണി കായലിലെ 6862 മീറ്റർ പുറംബണ്ട് പണി കുട്ടനാട് പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി ചെയ്തിട്ടുണ്ട്. എന്നാൽ ചിത്തിര കായലിന്റെ പുറംബണ്ടിന്റെ പണികൾ ഇനിയും ചില ഭാഗങ്ങളിൽ പൂർത്തിയാക്കേണ്ടതുണ്ട്. കായൽ ലെവലിംഗ്, വൈദ്യുതീകരണം, ഡീ-വാട്ടറിംഗ് എന്നീ പണികൾ പൂർത്തിയായാൽ മാത്രമേ കൃഷി ആരംഭിക്കുവാൻ

സാധിക്കുകയുള്ളൂ. സ്ലൂയിസ് പ്ലാറ്റ് ഫോം, എഞ്ചിൻതറ, വാച്ചാൽ, പെട്ടി, പറ എന്നിവയുടെ പണി പമ്പിംഗ് തുടങ്ങുന്നതിനുമുമ്പുതന്നെ പൂർത്തിയാക്കേണ്ട തുണ്ട്. ഇതിൽ വൈദ്യുതീകരണത്തിന് ആവശ്യമായ 11 കെ.വി. ലൈൻ വലി ക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും 90,61,509 രൂപ കെ.എസ്. ഇ.ബി.-ക്ക് നൽകുന്നതിന് 27-06-14-ലെ ഉത്തരവുപ്രകാരം കൃഷി ഡയറ ക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡിന് തുക നൽകുന്നതിനുള്ള നടപടികൾ കൃഷി ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്.

## മാമ്പഴകർഷകർക്ക് സഹായം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വൻതോതിൽ വിദേശനാണ്യം ഉൾപ്പെടെ കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാക്കിത്തരുന്ന മാമ്പഴ ഉൽപ്പാദകരെ സഹായിക്കുന്നതിനും മാമ്പഴോത്പാദനത്തെ കാർഷികോൽപ്പാദനമായി കണക്കാക്കി കാർഷിക മേഖലയ്ക്ക് ലഭ്യമാകുന്ന എല്ലാ സഹായവും നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാമ്പഴ ഉൽപ്പാദന മേഖലയെ പ്രതികൂലമായി ബാധിക്കുന്ന നിലയിൽ യൂറോപ്യൻ യൂണിയൻ അൽഫോൺസാ മാമ്പഴം ഇറക്കുമതി നിരോധിച്ചിരിക്കുകയാണ്. ഇത് മറികടക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഇത് നിരോധിക്കാനുള്ള കാരണം പറഞ്ഞിരിക്കുന്നത് അമിതമായി കീടനാശിനി ഉപയോഗിച്ചാണ് മാമ്പഴം ഉൽപ്പാദിപ്പിക്കുന്നത്, അതുകൊണ്ട് യ്യൂറോപ്യൻ യൂണിയൻ തടയുന്നു എന്നാണ്. എന്റെ മണ്ഡല ത്തിലെ മുതലമടയിൽ വൻതോതിൽ മാമ്പഴം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ശാസ്ത്രീയമായ കൃഷിരീതി അവലംബിച്ച് ഇത് മെച്ചപ്പെടുത്താൻ കഴിഞ്ഞാൽ

നിരോധനത്തെ മറികടന്ന് യൂറോപ്പിലേയ്ക്ക് ഉൾപ്പെടെ മാമ്പഴം കയറ്റി അയയ്ക്കാൻ കഴിയും. അതിനാവശ്യമായ ശാസ്ത്രീയമായ കൃഷിരീതി കർഷകരെ പരിശീലിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ലോകവിപണിയിൽ വൻതോതിൽ മാമ്പഴത്തിന് ആവശ്യക്കാരുണ്ട്. അതിനനുസരിച്ച് വ്യാപാരം മെച്ചപ്പെടുത്താനാവശ്യമായിട്ടുള്ള സൗകര്യമുണ്ടാക്കണം. അതാണ് പ്രധാനമായും പറയുവാനുള്ളത്. അതുപോലെ കാർബൈഡ് ഉപയോഗിച്ച് മാങ്ങ പഴുപ്പിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്നുള്ള പ്രചരണം ശക്തമായ രൂപത്തിൽ നാട്ടിലൊക്കെ നടക്കുകയാണ്. ഇത് മറികടക്കുന്നതിനുവേണ്ടി ശാസ്ത്രീയമായ ഉൽപ്പാദനവും അതിന്റെ സംസ്ക്കരണവും കർഷകരെ പരിശീലിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സീസൺ ആരംഭിക്കുന്നതോടുകൂടി നമ്മുടെ രാജ്യത്ത് ആദ്യം മാമ്പഴം ഉൽപ്പാദിപ്പിക്കുന്നത് പാലക്കാട് ജില്ലയിലെ മുതലമടയിലാണ്. ഇവിടെ വലിയതോതിൽ മാമ്പഴം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈ ഉൽപ്പാദിപ്പിക്കുന്ന മാമ്പഴം സംസ്ക്കരിക്കാനും അത് വിപണിയിലെത്തിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. മുതലമടയിൽത്തന്നെ കൃഷി വകുപ്പിന്റെ വെയർഹൗസിംഗ് സംവിധാനം നിലനിൽക്കുന്നുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നല്ല വെയർഹൗസിംഗ് കെട്ടിടങ്ങളുണ്ടാക്കിയിട്ടുണ്ട്. അത് നന്നായി ഉപയോഗപ്പെടുത്തിയാൽ ഈ മേഖലയ്ക്ക് വലിയ ഗുണകരമാകുമെന്ന നിലയിലുള്ള സംവിധാനമുണ്ടാക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രിയൊന്ന് ശ്രദ്ധിച്ചാൽ ഈ മേഖലയെ കുറച്ചുകൂടി മെച്ചപ്പെടുത്തിയെടുക്കാൻ കഴിയും. അതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളത്തിലെ മാമ്പഴങ്ങളൊക്കെ വളരെയധികം മൂല്യമുളളവയാണ്. ഇതിന് നിലവിൽ സംസ്ഥാന കൃഷി വകുപ്പ് മുഖേന മാവ് കർഷകർക്ക് പ്രത്യേക സഹായങ്ങൾ നൽകിവരുന്നില്ല. എന്നാൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കൃഷി വകുപ്പിന്റെ സഹായത്തോടുകൂടി മാവിന്റെ വിളവിസ്തൃതി വ്യാപനമെന്ന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. മാമ്പഴങ്ങളിലെ വിഷാംശങ്ങളില്ലാതാക്കുന്നതിന് ലോകാരോഗ്യ സംഘടന അംഗീകരിച്ച എഥിലിൻപോലെയുള്ള ആരോഗ്യത്തിന് ഹാനികരമല്ലാത്ത വസ്തുക്കൾ ഉപയോഗിച്ച് പഴങ്ങൾ പാകപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മാനവ വിഭവശേഷി വികസനമെന്ന ഘടകത്തിലുൾപ്പെടുത്തി അവബോധ ക്ലാസുകൾ നൽകാൻ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ റൈപ്പണിംഗ് ചേമ്പറുകൾ നിർമ്മിക്കുന്നതിന് ഒരു മെട്രിക് ടണ്ണിന് ഒരുലക്ഷംരൂപ മൊത്തം ചെലവ് കണക്കാക്കി അതിന്റെ 35 ശതമാനം സമതല പ്രദേശങ്ങളിലും 50 ശതമാനം മലയോര പ്രദേശങ്ങളിലും ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇന്ത്യയിൽനിന്നും ഇറക്കുമതി ചെയ്യുന്ന ചില പഴം, പച്ചക്കറി എന്നിവയ്ക്ക് യൂറോപ്യൻ യൂണിയൻ 2014 മേയ് 1 മുതൽ വിലക്ക് ഏർപ്പെടുത്തി. അൽഫോൺസാ ഉൾപ്പെടെയുള്ള മാങ്ങകൾക്ക് ഈ നിരോധനം ബാധകമാണ്. ഇന്ത്യയിൽനിന്ന് കയറ്റി അയച്ച ഏതാനും ചില കൺസൈൻമെന്റുകളിൽ പുഴുക്കളുടെ സാന്നിദ്ധ്യം കണ്ടതിനാലാണ് ഇപ്രകാരം നിരോധനം വന്നത്. 2015 ഡിസംബർ 31 വരെ താൽക്കാലികമായിട്ടാണ് ഈ നിരോധനം. ഇത്

നീക്കികിട്ടുവാൻ കേന്ദ്ര സർക്കാർ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ ഏർപ്പെടുത്തിയ നിരോധനത്തെപ്പറ്റി കേന്ദ്ര സർക്കാർ കേരള സർക്കാരിനെ അറിയിക്കുകയും പ്രസ്തുത വിഷയത്തിൽ പരിഹാരമാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിന് പഴം, പച്ചക്കറി കയറ്റുമതിക്കാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം തിരുവനന്തപുരത്ത് മെയ് 14-ാം തീയതി കൂടുകയുണ്ടായി. പഴം, പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള സ്ഥാപനമായ APPEDA (Agricultural and Processed Food Products Export Development Authority) ചെയർമാൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു. ഇന്ത്യയിൽനിന്ന് കയറ്റി അയയ്ക്കുന്ന പഴം, പച്ചക്കറി എന്നിവ കീടരഹിതമാണെന്ന് ഉറപ്പുവരുത്തുകയെന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അതിൻപ്രകാരം APPEDA അംഗീകരിച്ച പായ്ക്ക് ഹൗസുകൾവഴി മാത്രമേ ഇനി കയറ്റുമതി അനുവദിക്കുകയുള്ളൂ. കൃഷി വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴയിലെ വാഴക്കുളം ആഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയുടെ ഫാക്ടറിക്ക് അടുത്തകാലത്ത് ഇപ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് കേരളത്തിൽ APPEDA അംഗീകരിച്ച ഏക പായ്ക്ക് ഹൗസാണ് ഇത്. അതോടൊപ്പംതന്നെ മാങ്ങ പഴുപ്പിക്കുന്നതിന് കാർബൈഡ് ഉപയോഗിക്കുന്നുവെന്നും ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നുമുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പാണ് ഇതിന്റെ സാമ്പിളുകൾ പരിശോധിക്കുന്നത്. ആവശ്യമായിവരുന്ന കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പെടുത്തുവരുന്നുണ്ട്. മുതലമ

ടയിലെ കേരള സ്റ്റേറ്റ് വെയർഹൗസിൽ നിലവിൽ നെല്ല്, നിലക്കടല എന്നിവ ഇപ്പോൾ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നു. നിലവിലുള്ള വെയർ ഹൗസിൽ 750 ടൺ മാമ്പഴം ഉപയോഗിക്കാനാവുന്ന വിധത്തിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പുതുക്കിപ്പണി നടന്നുവരികയാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സീസൺ ആരംഭിക്കുന്നതോടുകൂടി ഇന്ത്യയിൽ ആദ്യം ഉൽപ്പാദനമാരംഭിക്കുന്ന പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്ത് ഉൽപ്പാദിക്കുന്ന മാമ്പഴം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഇത്തരം സൗകര്യങ്ങളൊരുക്കാനും കഴിയും. മൂന്നാറിൽ ഹോർട്ടിക്കോർപ്പിന്റെ നേതൃത്വത്തിൽ ഒരു ശീതീകരിച്ച പ്രോസസിംഗ് സെന്റർ തുടങ്ങി. തിരുവനന്തപുരം ആനയറ മാർക്കറ്റിലും മൂവാറ്റുപുഴ മാർക്കറ്റിലും കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളത്ത് മരടിലും സുൽത്താൻബത്തേരി മാർക്കറ്റിലും ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. APPEDA-യുടെ സഹായത്തോടുകൂടി ആനയറയിലും മരടിലും പായ്ക്ക് ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.